രാജീവ്ഗാന്ധി രക്തസാക്ഷിത്വ ദിനാചരണം ഇന്ന്

മലപ്പുറം: രാജീവ് യൂത്ത് ഫൗണ്ടേഷൻ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ 28-ാം രക്തസാക്ഷിത്വ ദിനാചരണം ഇന്ന് വൈകിട്ട് 4 മണിക്ക് കെ എസ് ആർ ടി സി പരിസരത്ത് നടത്തും. അനുസ്മരണ സമ്മേളനം എ പി അനിൽകുമാർ എം എൽ എ ഉദ്ഘാടനം ചെയ്യും. ഗാന്ധി നിന്ദയുടെ രാഷ്ട്രീയം എന്ന വിഷയത്തെ കുറിച്ച് പ്രശസ്ത സാഹിത്യകാരൻ കെ പി രാമനുണ്ണി മുഖ്യപ്രഭാഷണം നടത്തും. ഡി സി സി പ്രസിഡണ്ട് അഡ്വ. വി വി പ്രകാശ്, കെ പി സി സി സെക്രട്ടറിമാരായ പി ടി അജയ്മോഹൻ, കെ പി അബ്ദുൽ മജീദ്, ഫൗണ്ടേഷൻ സംസ്ഥാന ചെയർമാൻ റഷീദ് പറമ്പൻ എന്നിവർ സംബന്ധിക്കും. തുടർന്ന് ഗാന്ധി നിന്ദയുടെ രാഷ്ട്രീയം എന്ന പേരിൽ തെരുവ് നാടകം അരങ്ങേറും.

ഇഫ്താർ വിരുന്നും ഉന്നത വിജയികളെ അനുമോദിക്കലും

എടവണ്ണ: കെ.എം. മുസ്തഫ സ്മാരക ചാരിറ്റബിൾ ട്രസ്റ്റിന്റെ നേതൃത്വത്തിൽ ഇഫ്താർ വിരുന്നും പത്താം ക്ലാസ്, പ്ലസ്ടു ഉന്നത വിജയികളെ അനുമോദിക്കലും നടത്തി. പത്താം ക്ലാസ് പരീക്ഷയിൽ നൂറുമേനി വിജയം നേടിയ എടവണ്ണ സീതിഹാജി സ്മാരക ഗവ. ഹൈസ്കൂളിനും പന്നിപ്പാറ ഗവ. ഹൈസ്കൂളിനും അവാർഡു നൽകി. മുൻ മന്ത്രി ആര്യാടൻ മുഹമ്മദ് ഉദ്ഘാടനം ചെയ്തു. ട്രസ്റ്റ് ചെയർമാൻ ഇ എ കരീം അധ്യക്ഷനായി. യൂത്ത് കോൺഗ്രസ് അഖിലേന്ത്യ കോ-ഓർഡിനേറ്റർ രമ്യ ഹരിദാസ് മുഖ്യാതിഥിയായി. ബി വി ഉഷാ നായർ, കെ മാനുട്ടി, പി.പി. അബൂബക്കർ, പാലത്തിങ്ങൽ ബാപ്പുട്ടി, പി.വി കോയ സംസാരിച്ചു.

SSLC, +2 പരീക്ഷകളിൽ ഉന്നതവിജയം നേടിയ
പ്രതിഭകളെ ആദരിക്കലും
ഇഫ്താർ സംഗമവും
18.05.2019
ശ്രീ. ആര്യാടൻ മുഹമ്മദ്
വി.വി. പ്രകാശ്

കെ.എം മുസ്തഫ ചാരിറ്റബിൾ ട്രസ്റ്റിന്റെ നേതൃത്വത്തിൽ നടന്ന ഇഫ്താർ വിരുന്നും പത്താം ക്ലാസ്, പ്ലസ്ടു ഉന്നത വിജയികളെ അനുമോദിക്കലും മുൻമന്ത്രി ആര്യാടൻ മുഹമ്മദ് ഉദ്ഘാടനം ചെയ്യുന്നു

വോട്ടെണ്ണൽ ക്രമീകരണങ്ങൾ ജില്ലയിൽ പൂർത്തിയായി

മലപ്പുറം: ലോക്സഭ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലിനുള്ള സജ്ജീകരണങ്ങൾ ജില്ലയിൽ പൂർത്തിയായതായി ജില്ലാ കലക്ടർ അമിത് മീണ അറിയിച്ചു. മലപ്പുറം മണ്ഡലത്തിലെ വോട്ടിങ് യന്ത്രങ്ങൾ സൂക്ഷിച്ചിട്ടുള്ള മലപ്പുറം ഗവൺമെന്റ് കോളജും പൊന്നാനി മണ്ഡലത്തിലെ വോട്ടിങ് യന്ത്രങ്ങൾ സൂക്ഷിച്ചിട്ടുള്ള എം.എസ്.പി ഹയർസെക്കൻഡറി സ്കൂളും സെന്റ് ജെമ്മാസ് ഹയർസെക്കൻഡറി സ്കൂളും കലക്ടർ സന്ദർശിച്ചു സൗകര്യങ്ങൾ വിലയിരുത്തി. വോട്ടെണ്ണൽ ഒരുക്കങ്ങളുടെ ഭാഗമായി സുവിധ, ട്രെൻഡ് എന്നീ വെബ് ആപ്ലിക്കേഷനുകളുടെ ട്രയൽ ഇന്ന് രാവിലെ എട്ടിന് നടക്കും.

വോട്ടെണ്ണൽ ദിവസമായ മെയ് 23ന് രാവിലെ ഏഴു മണിക്ക് സ്ട്രോങ് റൂമിൽനിന്നും വോട്ടിങ് യന്ത്രങ്ങൾ അതത് വോട്ടെണ്ണൽ ഹാളിലേക്കു മാറ്റും. അസിസ്റ്റന്റ് റിട്ടേണിങ് ഓഫീസർ, തെരഞ്ഞെടുപ്പ് നിരീക്ഷകൻ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവരുടെ സാന്നിധ്യത്തിലാണ് യന്ത്രങ്ങൾ പുറത്തെടുക്കുക. തുടർന്ന് രാവിലെ എട്ടിന് വോട്ടെണ്ണൽ ആരംഭിക്കും. പോസ്റ്റൽ വോട്ടുകൾ മലപ്പുറം ഗവൺമെന്റ് കോളജിൽ എണ്ണും.

മലപ്പുറം, പൊന്നാനി മണ്ഡലത്തിലെ പോസ്റ്റൽ വോട്ടുകൾ എണ്ണുന്നതിനായി മലപ്പുറം ഗവൺമെന്റ് കോളജിലെ ലൈബ്രററി ഹാളിൽ പ്രത്യേകം സൗകര്യം ഒരുക്കി. റിട്ടേണിങ് ഓഫീസർ, എആർഒ മാർ, കൗണ്ടിങ് സൂപ്പർവൈസർമാർ, ടെക്നീഷ്യൻമാർ, ഒബ്സർവർമാർ, ഏജന്റുമാർ എന്നിവരുടെ സാന്നിധ്യത്തിലാണ് പോസ്റ്റൽ വോട്ടെണ്ണൽ നടക്കുക. കൂടാതെ അഡീഷനൽ ഡെപ്യൂട്ടി മജിസ്ട്രേറ്റ്, അഞ്ച് ഡെപ്യൂട്ടി കലക്ടർമാർ ഉൾപ്പെടെ അഞ്ചു ഉപവരണാധികളെയും പോസ്റ്റൽ വോട്ടുകൾ എണ്ണുന്നതിനായി നിയമിച്ചിട്ടുണ്ട്. പോസ്റ്റൽ വോട്ടുകളും ഇ.വി.എം വോട്ടുകളും എണ്ണിപൂർത്തിയായാൽ വി.വിപാറ്റ് രശീതുകളും എണ്ണിതുടങ്ങും.

ഒരോ അസംബ്ലി നിയോജക മണ്ഡലത്തിലെ അഞ്ച് ബൂത്തുകളിലെ വി.വി പാറ്റുകളാണ് എണ്ണുന്നത്. അവ ഏതാണെന്ന് തീരുമാനിക്കുന്നത് നറുക്കെടുപ്പിലൂടെയാണ്.

വോട്ടെണ്ണലിന് 619 ഉദ്യോഗസ്ഥർ

വോട്ടെണ്ണൽ നടപടികൾക്കായി 619 ഉദ്യോഗസ്ഥരെയാണ് ജില്ലയിൽ നിയോഗിച്ചിട്ടുള്ളത്. മുഴുവൻ ഉദ്യോഗസ്ഥർക്കും വോട്ടെണ്ണൽ പ്രക്രിയയിൽ പരിശീലനം നൽകി. 244 മൈക്രോ ഒബ്സർവർമാരെയും 216 കൗണ്ടിങ് സൂപ്പർ വൈസർമാരെയും 230 കൗണ്ടിങ് സ്റ്റാഫിനെയുമാണ് നിയമിച്ചിട്ടുള്ളത്. നിയോജക മണ്ഡല കൗണ്ടിങ് ഹാൾ അടിസ്ഥാനത്തിലുള്ള ഉദ്യോഗസ്ഥരുടെ ലിസ്റ്റ് മെയ് 22 ന് അസിസ്റ്റന്റ് റിട്ടേണിങ് ഓഫീസർമാർക്ക് കൈമാറും. അവർ ഉദ്യോഗസ്ഥരെ ഫോൺ മുഖേന കൗണ്ടിങ് ഹാൾ സംബന്ധമായ വിവരങ്ങൾ അറിയിക്കും. കൗണ്ടിങ് ഹാളിലെ ഏതൊക്കെ ടേബിളുകളിലാണ് ഓരോരുത്തരെയും നിയമിക്കേണ്ടതെന്നത് സംബന്ധിച്ച ലിസ്റ്റും ഐ.ഡി കാർഡും വോട്ടെണ്ണൽ ദിവസം തേർഡ് റാൻഡമൈസേഷനു ശേഷം അസിസ്റ്റന്റ് റിട്ടേണിങ് ഓഫീസർക്ക് നൽകും. തുടർന്ന് അസിസ്റ്റന്റ് റിട്ടേണിങ് ഓഫീസർ കൗണ്ടിങ് സ്റ്റാഫിന് ഐ.ഡി കാർഡ് വിതരണം ചെയ്യും.

വോട്ടെണ്ണലിന് 10 മുതൽ 14 വരെ ടേബിളുകൾ

ഓരോ അസംബ്ലി നിയോജക മണ്ഡലത്തിനും ഓരോ റൂം എന്ന നിലയിലാണ് വോട്ടെണ്ണൽ ക്രമീകരിച്ചിരിക്കുന്നത്. ഓരോ റൂമിലും 10 14 വരെയാണ് ടേബിളുകൾ ക്രമീകരിച്ചിട്ടുള്ളത്. ആവശ്യമെങ്കിൽ കൂടുതൽ ടേബിളുകൾ കമ്മീഷന്റെ അനുമതിയോടെ സജ്ജീകരിക്കും. ഓരോ ടേബിളിലും ഒരു കൗണ്ടിങ് സൂപ്പർവൈസർ, ഒരു കൗണ്ടിങ് അസിസ്റ്റന്റ്, ഒരു മൈക്രോ ഒബ്സർവർ എന്നിവർ ഉണ്ടാകും.

കനത്ത സുരക്ഷ

ജില്ലയിലെ വോട്ടെണ്ണൽ കേന്ദ്രങ്ങൾക്ക് കനത്ത സുരക്ഷയാണ് ഒരുക്കിയിട്ടുള്ളത്. പൊതുവായ സുരക്ഷയ്ക്കായി 800 ഓളം സംസ്ഥാന പോലീസ് ഉദ്യോഗസ്ഥരേയും വോട്ടെണ്ണൽ കേന്ദ്രത്തിന്റെ സുരക്ഷയ്ക്കായി മൂന്ന് കമ്പനി ബി.എസ്.എഫ് ഉദ്യോഗസ്ഥരെയുമാണ് സജ്ജീകരിച്ചിട്ടുള്ളത്.

മൊബൈൽ ഫോണിന് വിലക്ക്

വോട്ടെണ്ണൽ ഹാളിൽ മൊബൈൽ ഫോൺ ഉപയോഗിക്കാൻ ആർക്കും അനുമതിയില്ല. കൗണ്ടിങ് ഉദ്യോഗസ്ഥർ മൊബൈൽ ഫോൺ ഉൾപ്പെടെ കയ്യിൽ കരുതിയിട്ടുള്ള എല്ലാ വസ്തുക്കളും സൂക്ഷിക്കുന്നതിനായി അതത് ഉപ വരണാധികാരികളുടെ കൗണ്ടറുകളിൽ നൽകണം.

പ്രവേശനം ഇവർക്കു മാത്രം

വോട്ടെണ്ണൽ കേന്ദ്രത്തിലേക്ക് തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, സ്ഥാനാർത്ഥികൾ, ചീഫ് കൗണ്ടിങ് ഏജന്റ്, തെരഞ്ഞെടുപ്പു കമ്മീഷന്റെ അനുമതി പത്രം ലഭിച്ചിട്ടുള്ള മാധ്യമപ്രവർത്തകർ തുടങ്ങിയവർക്കു മാത്രമേ പ്രവേശനമുള്ളൂ.

വാഹനങ്ങൾക്ക് പ്രവേശനമില്ല

ജില്ലാ തെരഞ്ഞെടുപ്പുദ്യോഗസ്ഥനായ ജില്ലാ കലക്ടറുടെയും തെരഞ്ഞെടുപ്പ് നിരീക്ഷകരുടേതുമൊഴികെയുള്ള വാഹനങ്ങൾ വോട്ടെണ്ണൽ കേന്ദ്രത്തിലേക്ക് കടത്തിവിടില്ല. സുരക്ഷാ ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം ഗേറ്റിനു പുറത്ത് വാഹനങ്ങൾ പാർക്ക് ചെയ്യണം. കൗണ്ടിങ് ഉദ്യോഗസ്ഥർ വരുന്ന വാഹനങ്ങൾ വോട്ടെണ്ണൽ കേന്ദ്രത്തിന് പുറത്ത് പാർക്ക് ചെയ്യാനുള്ള സൗകര്യം അവരവർ തന്നെ കണ്ടെത്തണം.

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ കേന്ദ്രമായ മലപ്പുറം കോളേജിലെ ഒരുക്കങ്ങൾ ജില്ലാ കലക്ടർ വിലയിരുത്തുന്നു

ഉന്നത വിജയികളെ അനുമോദിക്കലും കരിയർ ഗൈഡൻസ് ക്ലാസും സംഘടിപ്പിച്ചു

മഞ്ചേരി: ഇന്ത്യൻ നാഷണൽ കോൺഗ്രസ് എളങ്കൂർ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ എസ് എസ് എൽ സി, പ്ലസ് ടു, എൽ എസ് എസ്, യു എസ് എസ് എന്നീ പരീക്ഷകളിലെ ഉന്നത വിജയികളേയും, കലാ- കായിക-സംസ്കാരിക രംഗത്തെ പ്രമുഖ വ്യക്തിത്വങ്ങളേയും അനുമോദിക്കലും കരിയർ ഗൈഡൻസ് ക്ലാസും സംഘടിപ്പിച്ചു.

കെ പി സി സി മെമ്പർ പറമ്പൻ റഷീദ് ഉദ്ഘാടനം നിർവ്വഹിച്ചു. ഗ്രാമ പഞ്ചായത്ത് മെമ്പർ വിജീഷ് എളങ്കൂർ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി ചെയർമാൻ വി സുധാകരൻ, ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റ് വല്ലാഞ്ചിറ ഹുസൈൻ, മണ്ഡലം കോൺഗ്രസ് പ്രസിഡന്റ് ഇ പി നാരായണൻ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് വി നാരായണൻ, ജയപ്രകാശ് ബാബു, ടി പി ഉസ്മാൻ,

ഇ ടി മോയിൻ കുട്ടി, ഹരിഹരൻ തുടങ്ങിയവർ സംസാരിച്ചു.

SSLC,+2 ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള
അവാർഡ് വിതരണം
സാജ് ഓഡിറ്റോറിയം
17.05.2019
റഷീദ് പറമ്പൻ (KPCC MEMBER)
വി. സുധാകരൻ

ഇന്ത്യൻ നാഷണൽ കോൺഗ്രസ് എളങ്കൂർ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഉന്നത വിജികളെ അനുമോദിക്കലും കരിയർഗോഡൻസ് ക്ലാസും കെ പി സി സി മെമ്പർ റഷീദ് പറമ്പൻ ഉദ്ഘാടനം ചെയ്യുന്നു

എ പ്ലസ് വിജയികളെ അനുമോദിക്കുന്നു

അങ്ങാടിപ്പുറം: അങ്ങാടിപ്പുറം സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെട്ട അങ്ങാടിപ്പുറം പഞ്ചായത്തിലെ വിവിധ സർക്കാർ/ എയ്ഡഡ് സ്കൂളുകൾ, പുഴക്കാട്ടിരി പഞ്ചായത്തിലെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കടങ്ങപുരം എന്നിവിടങ്ങളിൽ പഠിച്ചവരും, അങ്ങാടിപ്പുറം പഞ്ചായത്തിലെ സ്ഥിരതാമസക്കാരും ഇതര സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ പഠിച്ചവരുമായ വിദ്യാർത്ഥികളിൽ എസ്.എസ്.എൽ സി, പ്ലസ് ടു പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥി പ്രതിഭകളെ ആദരിക്കുന്നതിനായി അങ്ങാടിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് അനുമോദന ചടങ്ങ് സംഘടിപ്പിക്കുന്നു. അർഹതയുള്ള വിദ്യാർത്ഥികൾ മാർക്ക് ലിസ്റ്റിന്റെ കോപ്പി, ഫോട്ടോ,മേൽവിലാസം ഫോൺ നമ്പർ എന്നിവ സഹിതം ജൂൺ 4 ന് മുമ്പായി ബാങ്കിന്റെ ഹെഡ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. വിവരങ്ങൾക്ക് 04933 227 252/225 694,9495252111 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

SSLC, +2 പരീക്ഷ
A+

ഇരിമ്പിളിയം മണ്ഡലം യൂത്ത് കോൺഗ്രസ്സ് കമ്മറ്റി സംഘടിപ്പിച്ച പ്രതിഭാദരം പരിപാടി എ പി അനിൽകുമാർ എം എൽ എ ഉദ്ഘാടനം ചെയ്യുന്നു

യൂത്ത്കോൺഗ്രസ് ഉന്നത വിജയികളെ ആദരിച്ചു

ഇരിമ്പിളിയം: എസ് എസ് എൽ സി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയവർക്ക് ഇരിമ്പിളിയം മണ്ഡലം യൂത്ത് കോൺഗ്രസ്സ് കമ്മറ്റി സംഘടിപ്പിച്ച പ്രതിഭാദരം പരിപാടി എ പി അനിൽകുമാർ എം എൽ എ ഉദ്ഘാടനം ചെയ്തു.

മണ്ഡലം യൂത്ത് കോൺഗ്രസ് പ്രസിഡണ്ട് വിനു പുല്ലാനൂർ അദ്ധ്യക്ഷത വഹിച്ചു. ഇരിമ്പിളിയം പഞ്ചായത്ത് പരിധിയിലെ 40 പ്രതിഭകൾക്ക് അവാർഡുകൾ നൽകി ആദരിച്ചു. വിവിധ സർക്കാർ വകുപ്പുകളിൽ നിന്ന് വിരമിച്ച് കോൺഗ്രസ്സ് സംഘടനാ പ്രവർത്തന രംഗത്തേക്ക് കടന്നു വന്ന കെ ടി കൃഷ്ണദാസ്, പി.മുഹമ്മദാലി, ജയൻ കോട്ടപ്പുറം, പി.അബ്ദുൾ സമദ്, ശങ്കരനാരായണൻ എന്നിവരെ എം എൽ എ ഹാരമണിയിച്ച് സ്വീകരിച്ചു. ഡി.സി.സി.സെക്രട്ടറി പി.സി.എ.നൂർ, മണ്ഡലം കോൺഗ്രസ് പ്രസിഡണ്ട് കെ ടി മൊയ്തു, ബിനീഷ് മങ്കേരി, പി.സി.മരക്കാർ അലി, പി.അബ്ദുർ റഹ്മാൻ, കെ.മുരളീധരൻ, എ.പി.നാരായണൻ, ടി.പി.അബൂബക്കർ, ജസുരേഷ്, ഹക്കീം വെണ്ടല്ലൂർ, ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് പ്രവീണാ രാജു, മുഹമ്മദ് വളാഞ്ചേരി, ടി.ആർ.സോമൻ എന്നിവർ സംസാരിച്ചു.

ഉന്നത വിജയികളെ അനുമോദിക്കലും സമൂഹ നോമ്പ് തുറയും സംഘടിപ്പിച്ചു

കൊളപ്പുറം: ദോസ്താന ക്ലബ്ബ് എസ് എസ് എൽ സി, പ്ലസ് ടു പരീക്ഷകളിലെ ഉന്നത വിജയികളെ അനുമോദിക്കലും സമൂഹ നോമ്പ് തുറയും സംഘടിപ്പിച്ചു. ഉന്നത വിജയികൾക്ക് അഡ്വ: കെ.എൻ.എ കാദർ എം എൽ എ ഉപഹാരം നൽകി. അബ്ദുറഹിമാൻ നഗർ പഞ്ചായത്ത് വൈസ് പ്രസിഡന്റ് റിയാസ് കല്ലൻ അദ്ധ്യക്ഷതവഹിച്ചു.ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് എ പി ഉണ്ണികൃഷ്ണൻ, എ ആർ നഗർ വില്ലേജ് ഓഫീസർ മുഹമ്മദ് സാലിഹ്, കല്ലൻ അബ്ദുൽറഷീദ് പി കെ റഷീദ്, ആവയിൽ അൻവർഷാൻ, പി കെ അഷ്റഫ്, ടി അബ്ദുറഹിമാൻ, അഷ്റപ് ഷാരത്ത്, ഇ മുസ്തഫ സംസാരിച്ചു.

ചികിത്സാ സഹായ കമ്മിറ്റി രൂപവത്കരിച്ചു

നിലമ്പൂർ: നിലമ്പൂർ നഗരസഭാ മുൻ ഉപാധ്യക്ഷയായിരുന്ന അടുക്കത്ത് ആസ്യയുടേയും ഭർത്താവ് അഹമ്മദിന്റെയും ചികിത്സാ സഹായ കമ്മിറ്റി രൂപവത്കരിച്ചു. കാൻസർ രോഗബാധിതയായ ആസ്യയുടെ ഭർത്താവ് അഹമ്മദ് കിഡ്നി രോഗിയുമാണ്. തുടർച്ചയായി ഇവർക്ക് ഡയാലിസിസ് ചെയ്യുന്നുമുണ്ട്. കാര്യമായ സാമ്പത്തിക ശേഷിയില്ലാത്ത ആസ്യക്കും കുടുംബത്തിനും മരുന്നിനും ഡയാലിസിസിനുമായി ആഴ്ചയിൽ വലിയ തുകയാണ് ആവശ്യമായി വരുന്നത്. ഈ സാഹചര്യത്തിലാണ് തദ്ദേശീയരായ സാമൂഹ്യപ്രവർത്തകര ചേർന്ന് സഹായ കമ്മിറ്റിയുണ്ടായക്കിയത്. നിലമ്പൂർ നഗരസഭാധ്യക്ഷ പത്മിനി ഗോപിനാഥാണ് കമ്മിറ്റി ചെയർപേഴ്സൺ. നഗരസഭാംഗം പാലോളി മെഹബൂബ് കൺവീനറുമാണ്. നിലമ്പൂരിലെ ഇന്ത്യൻ ബാങ്കിൽ 6757001862 എന്ന നമ്പറിൽ ജോയിന്റ് അക്കൗണ്ടും തുടങ്ങിയിട്ടുണ്ട്. ഐ.എഫ്.എസ്.സി. കോഡ് IDIB000N043. നാട്ടിലും വിദേശത്തുമുള്ള സുമനസുകളുടെ സഹായം തേടുകയാണ് ചികിത്സാ സഹായ കമ്മിറ്റി.

സ്നേഹോപഹാരം 25 ന്

മങ്കട: എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ മുഴുവൻ വിഷയങ്ങളിലും എ.പ്ലസ് നേടിയ വിദ്യാർത്ഥികളെയും സി.ബി.എസ്.ഇ പത്താംതരം, പ്ലസ് ടു എന്നിവയിൽ എ.വൺ നേടിയവരെയും മണ്ഡലത്തിലെ എൽ.എസ്.എസ്, യു.എസ്.എസ് നേടിയവരെയും ടി.എ അഹമ്മദ് കബീർ എം.എൽ.എയുടെ സ്നേഹോപഹാരം 25 ന് വിതരണം ചെയ്യും. ചടങ്ങിൽ മികച്ച വിജയം നേടിയ സ്കൂളുകളെ ആദരിക്കും. ടോപ്പേഴ്സ് മീറ്റ് 2019 എന്ന പേരിലുള്ള പരിപാടിയിൽ 'എന്ത് പഠിക്കണം, എന്താകണം ' എന്ന വിഷയത്തിൽ പ്രശസ്ത കരിയർ ഗുരു ഡോ.പി.ആർ വെങ്കിട്ട രാമൻ നയിക്കുന്ന വിദ്യാഭ്യാസ സെമിനാറും നടക്കും. രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും സംശയ ദൂരീകരണത്തിന് അവസരം നൽകും.രാവിലെ 9 മണിക്ക് വള്ളിക്കാപറ്റ, കാഞ്ഞമണ്ണ ക്രൗൺ കൺവെൻഷൻ സെന്ററിൽ വെച്ചാണ് ചടങ്ങ് നടക്കുക.സബ് കലക്ടർ അനുപം മിശ്ര, ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ പങ്കെടുക്കും. ബന്ധപ്പെടേണ്ട നമ്പർ 9895501192, 9037214485.

സൗജന്യ തിമിര ശസ്ത്രക്രിയാ ക്യാമ്പ് നടത്തി

വള്ളിക്കുന്ന്: ജനസ്വാര ചാരിറ്റബിൾ ട്രസ്റ്റും കോംട്രസ്റ്റ് കണ്ണാശുപത്രിയുടെ സഹകരണത്തോടെ കരുമരക്കാട് വെച്ച് സൗജന്യ തിമിര ശസ്ത്രക്രിയാ ക്യാമ്പ് നടത്തി. 250 പേർ ക്യാമ്പിൽ പങ്കെടുത്തു. എസ് എസ് എൽ സി പരീക്ഷയിൽ മികച്ച വിജയം നേടിയ 80 ഓളം വിദ്യാർത്ഥികളെ സ്ഥലം എം എൽ എ പി അബ്ദുൽ ഹമീദ് ആദരിച്ചു കൊണ്ട് പരിപാടി ഉദ്ഘാടനം ചെയ്തു. കെ.വി രാജീവ് അധ്യക്ഷത വഹിച്ചു. അജിത്ത് മംഗലശ്ശേരി മുഖ്യ പ്രഭാഷണം നടത്തി. വള്ളിക്കുന്ന് പഞ്ചായത്ത് പ്രസിഡണ്ട് വി എൻ.ശോഭന, നിസാർ കുന്നുമ്മൽ (വികസന സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ) ബിന്ദു പുഴക്കൽ തുടങ്ങിയവർ സംസാരിച്ചു.

ഇഫ്താർ സംഗമവും ഉന്നതവിജയികളെ ആദരിക്കലും

കൊണ്ടോട്ടി: പുളിക്കൽ വ്യാപാരി യുവ കൂട്ടായ്മ സംഘടിപ്പിച്ച ഇഫ്താർ മീറ്റും എസ് എസ് എൽ സി പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ കച്ചവടക്കാരുടെ കുട്ടികളെ അനുമോദിക്കലും ട്രോമാകെയർ വളണ്ടിയർമാരെ ആദരിക്കലും നടത്തി. ജില്ലാ പഞ്ചായത്ത് മെമ്പർ സറീനാ ഹസീബ് ഉദ്ഘാടനം നിർവ്വഹിച്ചു. എ മുഹമ്മദ് അധ്യക്ഷം വഹിച്ചു. എൻ കെ യസീദ് കോയ തങ്ങൾ, സീതി.കെ.വയലാർ, പി ശിവദാസൻ, വഹിദ് സമാൻ മാസ്റ്റർ,വി അജയൻ മാസ്റ്റർ, കെ ടി അബ്ദുറഹിമാൻ ,ലാന്റ് മാർക്ക് മുഹമ്മദ് ,സ്വദേശി അബ്ദുറഹിമാൻ, എം ദിനേഷൻ എന്നിവർ സംസാരിച്ചു.

മുതുവല്ലൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് ഐ.എസ്.ഒ അംഗീകാര നിറവിൽ

കൊണ്ടോട്ടി: മുതുവല്ലൂർ ഗ്രാമപഞ്ചായത്ത് ഓഫീസിന് പ്രവർത്തന മികവിന്റെ അംഗീകാരമായി ഐ എസ് ഒ 9001:2015 അംഗീകാരം ലഭിച്ചു. മലപ്പുറം ജില്ലയിൽ ചുരുക്കം ചില പഞ്ചായത്തുകൾക്ക് മാത്രമാണ് ഇതുവരെ ഐ.എസ്.ഒ നേടാൻ സാധിച്ചിട്ടുള്ളത്.

കൊണ്ടോട്ടി-അരീക്കോട് ബ്ലോക്ക് പഞ്ചായത്തുകൾക്ക് കീഴിൽ ഉള്ള പഞ്ചായത്തുകളിൽ ഐ.എസ്.ഒ അംഗീകാരം നേടുന്ന ആദ്യ പഞ്ചായത്തും മുതുവല്ലൂരാണ്. ഹൈദരാബാദ് ആസ്ഥാനമായുള്ള ടാറ്റാ പ്രോജക്ട്സ് ക്വാളിറ്റി സർവീസ് ഫെബ്രുവരി മാസത്തിൽ പഞ്ചായത്തിൽ നടത്തിയ ഒന്നാം ഘട്ട പരിശോധന പൂർണ്ണ വിജയമായിരുന്നു.

ഇതേ തുടർന്ന് കഴിഞ്ഞ ദിവസം നടത്തിയ രണ്ടാംഘട്ട ഗുണനിലവാര പരിശോധനയിൽ ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച മാനദണ്ഡങ്ങൾ മുതുവല്ലൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ പൂർണമായി പാലിക്കുന്നു എന്ന് കണ്ടെത്തിയതിനെ തുടർന്നാണ് ഈ ബഹുമതി ലഭിച്ചത്.

പഞ്ചായത്ത് ആരംഭിച്ചത് മുതൽ ഇതുവരെയുള്ള ജനന മരണ വിവരങ്ങൾ, മിനുട്സ് പുസ്തകങ്ങൾ, വിലപ്പെട്ട രേഖകൾ എന്നിവ അടുക്കും ചിട്ടയോടും കൂടി ക്രമീകരിച്ച റെക്കോർഡ് റൂം, ഫ്രണ്ടോഫീസിൽ എത്തുന്നവർക്ക് വിശ്രമിക്കാനുള്ള ഇടം, അപേക്ഷകർക്കായുള്ള ഹെൽപ് ഡെസ്ക്, അപേക്ഷയോടൊപ്പം നൽകേണ്ട രേഖകൾ സംബന്ധിച്ച ചെക് ലിസ്റ്റ്, ജനന മരണ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി ലഭ്യമാക്കൽ ജീവനക്കാരുടെ ഹാജർ ബോർഡ്, കുടിവെള്ള സൗകര്യം ഫീഡിങ് റൂം, പഞ്ചായത്തിനെ ആശ്രയിക്കുന്നവർക്ക് സമയ ബന്ധിതവും കാര്യക്ഷമമായും കാര്യങ്ങൾ പൂർത്തീകരിച്ചു നൽകൽ എന്നിവയാണ് ടാറ്റാ പ്രോജക്ട്സ് ക്വാളിറ്റി സർവീസ് അധികൃതർ പരിശോധനക്ക് വിധേയമാക്കിയത്. ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ നിഷ്കർഷിക്കുന്ന എല്ലാ മാനദണ്ഡങ്ങളും പാലിക്കാൻ മുതുവല്ലൂർ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടുണ്ടെന്ന് സംഘം വിലയിരുത്തി. ഇതേ തുടർന്നാണ് മുതുവല്ലൂർ ഗ്രാമപഞ്ചായത്ത് ഓഫീസിനു ഐ എസ് ഒ സർട്ടിഫിക്കേഷൻ അനുവദിച്ചു കിട്ടുന്നത്. കഴിഞ്ഞ വർഷവും ഈ വർഷവും 100 ശതമാനം നികുതി പിരിവും പദ്ധതി ചിലവിലെ മികവാർന്ന പ്രവർത്തനവും മറ്റും ഈ ബഹുമതിയുടെ മാറ്റ് കൂട്ടുന്നു. പഞ്ചായത്ത് അംഗങ്ങളുടെയും ജീവനക്കാരുടെയും അകമഴിഞ്ഞ പ്രവർത്തനങ്ങളുടെ ഫലമായാണ് ഇത്തരത്തിൽ ഒരു നേട്ടം മുതുവല്ലൂർ പഞ്ചായത്തിന് ഉണ്ടാക്കിയെടുക്കാൻ സാധിച്ചത്.

ഇതിനായി പ്രവർത്തിച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നതായി പ്രസിഡണ്ട് കെ എ സഗീർ പറഞ്ഞു.

ലഹരിവിരുദ്ധ ബോധവത്കരണ ക്ലാസ് നടത്തി

വള്ളിക്കുന്ന്: ലഹരി വിരുദ്ധ വിദ്യാർത്ഥിക്കൂട്ടായ്മ ധ്വനി ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കുട്ടികളുടെ ലഹരി ഉപയോഗം അതിൽ മുതിർന്നവരുടെ പങ്ക് എന്ന വിഷയത്തെ ആസ്പദമാക്കി ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസ് നടത്തി. പരപ്പനങ്ങാടി അഡീഷണൽ എസ് ഐ ഗിരിജാ വല്ലഭൻ ഉദ്ഘാടനം ചെയതു.

എക്സൈസ് ഓഫീസർ ബിജു ക്ലസെടുത്തു. ഈശ്വർ ബാബു എം.പി, വള്ളിക്കുന്ന് പഞ്ചായത്ത് ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ ദാസൻ, കോഴിക്കോട് ഡി വൈ എസ് പി വാസു, എച്ച് ആർ പി എം വനിതാ സെൽ സംസ്ഥാന ജോയിന്റ് സെക്രട്ടറി റുബീന എന്നിവർ സംസാരിച്ചു. വീട്ടമ്മമാരും കട്ടികളുമടക്കം നൂറുകണക്കിന് ആളുകൾ പങ്കെടുത്തു.

സിബിഎസ്ഇ പ്രതിഭാസംഗമവും എക്സലൻസ് അവാർഡ് വിതരണവും

പെരിന്തൽമണ്ണ: സിബിഎസ്ഇ സഹോദയ സ്കൂൾ കോംപ്ലക്സ് മലപ്പുറം റീജിയൻ സംഘടിപ്പിക്കുന്ന പ്രതിഭാസംഗമവും സഹോദയ എക്സലൻസ് അവാർഡ് വിതരണവും മെയ് 25 ന് രാവിലെ 9 മണിക്ക് പുത്തനങ്ങാടി സെന്റ്ജോസഫ് സീനിയർ സെക്കണ്ടറി സ്കൂളിൽ നടത്തുമെന്ന് ബന്ധപ്പെട്ടവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. 10, 12 ക്ലാസ് ഉന്നത വിജയം നേടിയ 750 വിദ്യാർത്ഥികളെയും ജില്ലയിലെ സീനിയർ സെക്കണ്ടറി ക്ലാസിൽ മൊത്തം മാർക്കു നേടിയ 19 പേരെയും സഹോദയ എക്സലൻസ് പുരസ്കാരം നേടിയ പീവീസ് മോഡൽ സ്കൂൾ നിലമ്പൂർ, സെന്റ് ജോസഫ് സീനിയർ സെക്കന്ററി സ്കൂൾ പുത്തനങ്ങാടി, എയർപോർട്ട് സീനിയർ സെക്കന്ററി സ്കൂൾ കരിപ്പൂർ എന്നീ സ്കൂളുകളെയും ആദരിക്കും. പ്രൊ. ആബിദ് ഹുസൈൻ തങ്ങൾ എംഎൽഎ പരിപാടി ഉദ്ഘാടനം ചെയ്യും. പി അബ്ദുൽ ഹമീദ് എംഎൽഎ സഹോദയ എക്സലൻസ് അവാർഡ്കൾ വിതരണം ചെയ്യും. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സക്കീന പുൽപ്പാടൻ സിബിഎസ്ഇ ദേശീയ റാങ്ക് ജേതാവിനെ ആദരിക്കും. ഈ വർഷം സിബിഎസ്ഇ പത്താം ക്ലാസ്സ് പരീക്ഷയിൽ മൂന്നാം റാങ്ക് കരസ്ഥമാക്കിയ പുത്തനങ്ങാടി സെന്റ് ജോസഫ് സ്കൂളിലെ അതുൽ വിജയിയെ ചടങ്ങിൽ പ്രത്യേക പുരസ്കാരം നൽകി അഭിനന്ദിക്കും. വാർത്താ സമ്മേളനത്തിൽ മലപ്പുറം സഹോദയ എം അബ്ദുൽ നാസർ, എം ജൗഹർ, ഫാദർ മാത്യു പതിപ്ലാക്കൽ, പ്രിൻസിപ്പൽ സെന്റ്ജോസഫ് സ്കൂൾ പുത്തനങ്ങാടി, വിനീത വി നായർ, ഷംല യു സലിം എന്നിവർ പങ്കെടുത്തു.

ജില്ലാ പഞ്ചായത്ത് ആദരം ഇന്ന്

മലപ്പുറം: ജില്ലാ പഞ്ചായത്ത് വിജയഭേരി വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി തിരൂർ, തിരൂരങ്ങാടി വിദ്യാഭ്യാസ ജില്ലയിൽ നിന്നും ഈ വർഷം എസ്.എസ്.എൽ സി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ പ്ലസ് ലഭിച്ച വിദ്യാർത്ഥികളുടെയും നൂറു വിജയം കൈവരിച്ച സ്കൂളുകളുടെയും ആദരം ഇന്ന് തിരൂർ വാഗൺട്രാജഡി ഹാളിൽ നടക്കും. ഈ വർഷം തിരൂർ വിദ്യാഭ്യാസ ജില്ലയിൽ നിന്ന് 886 പേർക്കും തിരൂരങ്ങാടി വിദ്യാഭ്യാസ ജില്ലയിൽ നിന്ന് 1433 പേർക്കും എല്ലാ വിഷയത്തിലും എ പ്ലസ് ലഭിച്ചിട്ടുണ്ട്. ജില്ലാപഞ്ചായത്ത് പ്രസിഡണ്ട് എ.പി. ഉണ്ണികൃഷ്ണൻ ഉദ്ഘാടനം ചെയ്യും. സാമൂഹ്യ രാഷ്ട്രീയ മേഖലകളിലെ പ്രമുഖർ ചടങ്ങിൽ സംബന്ധിക്കും. മലപ്പുറം വിദ്യാഭ്യാസ ജില്ലയിൽ നിന്നും എല്ലാ വിഷയത്തിലും എ പ്ലസ് ലഭിച്ച വിദ്യാർത്ഥികളുടെയും, സ്കൂളുകളുടേയും ആദരം മെയ് 22 ന് മലപ്പുറം ടൗൺ ഹാളിൽ നടക്കും. എ പ്ലസ് ലഭിച്ച വിദ്യാർത്ഥികളും 100 ശതമാനം വിജയം കൈവരിച്ച സ്കൂൾ അധികൃതരും രാവിലെ 10 മണിക്ക് മുമ്പായി എത്തിച്ചേരണമെന്ന് വിജയഭേരി കോ-ഓർഡിനേറ്റർ ടി സലീം അറിയിച്ചു.

വിവിധ പാർട്ടികളിൽ നിന്ന് യുവാക്കൾ കോൺഗ്രസിലേക്ക്

മഞ്ചേരി: മഞ്ചേരി പയ്യനാട്ട് വിവിധ പാർട്ടികളിൽ പ്രവർത്തിച്ചിരുന്ന പതിനൊന്ന് യുവാക്കൾ കോൺഗ്രസിൽ ചേർന്നു. മതേതര- ജനാധിപത്യ സംവിധാനത്തോടെ രാജ്യത്തെ മുന്നോട്ട് നയിക്കാൻ കോൺഗ്രസിനു മാത്രമേ കഴിയൂവെന്ന തിരിച്ചറിവാണ് തങ്ങളെ കോൺഗ്രസിലേക്കാകർഷിച്ച ഘടകമെന്ന് പാർട്ടിയിലേക്ക് പുതുതായി കടന്നുവന്ന യുവാക്കൾ പറഞ്ഞു. ബ്ലോക്ക് കോൺഗ്രസ് പ്രസിഡണ്ട് വല്ലാഞ്ചിറ ഹുസൈനും മണ്ഡലം പ്രസിഡണ്ട് ഹനീഫ പുല്ലൂരും യൂത്ത്കോൺഗ്രസ്, കെ എസ് യു നേതാക്കളും പയ്യനാട് കോൺഗ്രസ് ഭവനിൽ നടന്ന ചടങ്ങിൽ യുവാക്കളെ പാർട്ടിയിലേക്ക് സ്വീകരിച്ചു. സ്വീകരണ യോഗം ബ്ലോക്ക് കോൺഗ്രസ് പ്രസിഡണ്ട് വല്ലാഞ്ചിറ ഹുസൈൻ ഉദ്ഘാടനം ചെയ്തു. കോൺഗ്രസ് ഏരിയ കമ്മിറ്റി പ്രസിഡണ്ട് കുരുണിയൻ അബ്ദു അധ്യക്ഷത വഹിച്ചു. ഹനീഫ പുല്ലൂർ അംഗത്വ വിതരണം നടത്തി. യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡണ്ട് റാഷിദ് വട്ടപ്പാറ, കെ എസ് യു ജില്ലാ സെക്രട്ടറി, ഇ കെ അൻഷാദ്, രാജു ചീരക്കുഴി, ഹനീഫ ചാടിക്കല്ല്, വിപിൻ പയ്യനാട്, അനീസ് എലമ്പ്ര, അഭിഷേക് ചോലക്കൽ, ബനു ബാസിത്ത്, ചെമ്പൻ കുഞ്ഞു, മുനീർ മുക്കം, ബാലകൃഷ്ണൻ പാളോട്ടിൽ, കെ അലവി, ഹംസഹാജി, ബാലൻ, സുബ്രഹ്മണ്യൻ, ഗോകുൽദാസ് തുടങ്ങിയവർ സംസാരിച്ചു.

മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് ഭവൻ
കമ്മിറ്റി ഓഫീസ്, പയ്യനാട് - ചോലക്കൽ

മഞ്ചേരി പയ്യനാട് വിവിധ പാർട്ടികളിൽ നിന്ന് കോൺഗ്രസിൽ ചേർന്ന യുവാക്കളെ ബ്ലോക്ക് കോൺഗ്രസ് പ്രസിഡണ്ട് വല്ലാഞ്ചിറ ഹുസൈനും മണ്ഡലം കോൺഗ്രസ് പ്രസിഡണ്ട് ഹനീഫ പുല്ലൂരും ചേർന്ന് സ്വീകരിക്കുന്നു

കുറുക്കന്റെ കടിയേറ്റ് വീട്ടമ്മക്ക് പരുക്ക്

ചങ്ങരംകുളം: ചിറവല്ലൂരിൽ കുറുക്കന്റെ കടിയേറ്റ് വീട്ടമ്മക്ക് പരുക്കേറ്റു. പരേതനായ അബ്ദുല്ലക്കുട്ടിയുടെ ഭാര്യ കദീജക്കുട്ടി (72) ക്കാണ് പരുക്കേറ്റത്. തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സ തേടി. പ്രദേശത്ത് തെരുവു നായകളുടെയും കുറുക്കൻമാരുടെയും ശല്യവും വീട്ടു മൃഗങ്ങളെ അക്രമിക്കുന്നത് പതിവാവുന്നതായി നാട്ടുകാർ പറയുന്നു.

മലപ്പുറം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.1829,
പി.ബി നമ്പർ. 6, മലപ്പുറം- 676505.
ക്വട്ടേഷൻ പരസ്യം

ബാങ്കിന്റെ ദൈനംദിന ആവശ്യങ്ങൾക്ക് വേണ്ടി താഴെ പറയുന്ന ഉപകരണങ്ങൾ സപ്ലൈ ചെയ്യാൻ യോഗ്യമായ സ്ഥാപനങ്ങളിൽ നിന്നും ഓൺലൈൻ ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

Sl.NO.	Item	No	Discription
1	UPS	1	5KVA 120VDC
2	UPS	1	3 KVA 96 VDC

സാധനത്തിന്റെ വിലയും GST യും വാറന്റിയും എ.എം.സി വിശദാംശങ്ങളും വെവ്വേറെ സൂചിപ്പിക്കുന്ന ക്വട്ടേഷനുകൾ സ്ഥാപനത്തിന്റെ വിശദ വിവരങ്ങളടക്കം 28-05-2019 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി mpmscb@gmail.com എന്ന e-mail വിലാസത്തിൽ ലഭിക്കേണ്ടതാണ്.

(ഒപ്പ്) സെക്രട്ടറി ഇൻചാർജ്ജ്